# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/17/2017 | പത്രക്കുറിപ്പ് | 2017 ജനുവരി 23

**ജനുവരി 25ന് അവധി (എല്ലാ എഡിഷനുകളിലും)**

അതിരമ്പുഴ പള്ളി പെരുന്നാൾ പ്രമാണിച്ചു എം.ജി സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസിലുള്ള ഓഫീസുകൾക്കും, ഡിപ്പാർട്ടുമെന്റുകൾക്കും മാത്രം ജനുവരി 25 ന് അവധിയായിരിക്കും.

**പുതുക്കിയ പരീക്ഷാതീയതി**

ജനുവരി 31, ഫെബ്രുവരി 2 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.എ, എംഎസ്സി, എം.കോം, എം.എം.എച്ച്, എം.റ്റി.എ, എം.എസ്.ഡബ്ല്യൂ, എം.സിജെ (റഗുലർ -സി.എസ്.എസ്) പരീക്ഷകൾ യഥാക്രമം ഫെബ്രുവരി 13, 15 തീയതികളിൽ നടത്തും. പരീക്ഷാസമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

**പരീക്ഷാതീയതി**

ഒന്ന് നാല് സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (പഴയ സ്കീം-2009ന് മുൻപുള്ള അഡ്മിഷൻ-രണ്ടാം മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 8 ന് ആരംഭിക്കും.

ഒന്ന് മുതൽ മൂന്നു വരെ വർഷ ബി.എസ്സി. മെഡിക്കൽ മൈക്രോബയോളജി (പഴയ സ്കീം - 2008 ന് മുൻപുള്ള അഡ്മിഷൻ- മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 8 ന് ആരംഭിക്കും.

**അപേക്ഷാതീയതി**

രണ്ടാം വർഷ ബി.ഫാം സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 10 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഫെബ്രുവരി 2 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിനു 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

ഒന്നാം വർഷ എം.ഫാം (ബ്രാഞ്ച് എ-ഫാർമസ്യൂട്ടിക്സ്/ബി-ഫാർമകോഗനോസി/സി-ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി/ഡി-ഫാർമകോളജി) സപ്ലിമെന്ററി ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 10 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 30 വരെയും 50 രൂപ പിഴയോടെ 31 വരെയും 500 രൂപ സൂപ്പർ ഫൈനോടെ ഫെബ്രുവരി 2 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിന് 75 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനുപുറമേ അടക്കണം.

നാലാം സെമസ്റ്റർ ബി.വോക് (2014 അഡ്മിഷൻ) പ്രോഗ്രാം പരീക്ഷകൾ ഫെബ്രുവരി 10 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 27 വരെയും 50 രൂപ പിഴയോടെ 28 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും.

പ്രാക്ടിക്കൽ പരീക്ഷ

2016 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.സി.എ/ബി.എസ്സി കംപ്യൂട്ടർ അപ്ലിക്കേഷൻ സി.ബി.സി.എസ്.എസ്-റഗുലർ (2013 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 30,31 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

സൂക്ഷ്മപരിശോധന തീയതി

2015 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്സി ഡിഗ്രി പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷമപരിശോധനയക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റും അസ്സൽ തിരിച്ചറിയൽ രേഖകളുമായി ജനുവരി 24, 27, 28 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷാ ഭവനിലെ റീവാല്യൂവേഷൻ വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

പരീക്ഷാഫലം

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് മൈക്രോബയോളജി (പി.ജി.സി.എസ്-എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 4 വരെ സ്വീകരിക്കും.

2016 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ & മാസ്റ്റർ ഓഫ് പബ്ലിക് ഹെൽത്ത് ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഫെബ്രുവരി 4 വരെ സ്വീകരിക്കും.

ഒന്ന് രണ്ട് സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി (പുതിയ സ്കീം, പഴയ സ്കീം & മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 8 വരെ സ്വീകരിക്കും.

തടഞ്ഞുവച്ച പരീക്ഷാഫലം.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ പരിക്ഷ എഴുതിയ ഫിസാറ്റ് അങ്കമാലിയിലെ മിന്നാ ജിയോ എന്ന വിദ്യാർത്ഥിനിയുടെ തടഞ്ഞുവച്ച പരിക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 4 വരെ സ്വീകരിക്കും.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ അന്തർ ദേശീയ പ്രഭാഷണം ഇന്ന് .

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ഇന്ന് (ജനുവരി 24) 4.00 മുതൽ 5.00 വരെ സ്ക്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വച്ച് അന്തർ ദേശീയ പ്രഭാഷണം നടത്തുന്നു. ശ്രീലങ്കയിലെ പെരാഡിനയാ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറും, ഇലക്ട്രോ കെമിക്കൽ ശാസ്ത്രജ്ഞനും, ഡോ : സാബു തോമസ്സിന്റെ അന്തർദേശീയ സഹപ്രവർത്തകനുമായ ഡോ: നമൽ പ്രിയന്ത പ്രഭാഷണം നടത്തും. വിശദ വിവരങ്ങൾക്ക് : 9447149547, ഇ.മെയിൽ : josejameskudathala@gmail.com

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)